**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4015 **16.03.2017**-ലെ മറുപടിക്ക്

പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ബാബു** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| | പട്ടിക ജാതി വിഭാഗത്തിൽപെട്ട നിർദ്ധന കുടുംബത്തിലുള്ള പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായമായി നിലവിൽ എത്ര തുകയാണ് അനുവദിക്കുന്നത്; ആയത് സർക്കാർ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | | പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധന കുടുംബത്തിലുള്ള പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായമായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 6% പലിശ നിരക്കിൽ പരമാവധി 2,00,000/- രൂപ വരെ വായ്പയായും 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് പട്ടികജാതി വികസന വകുപ്പ് 50,000/- രൂപ വിവാഹ ധനസഹായമായും നൽകി വരുന്നുണ്ട്. ധനസഹായ തുക 1.04.2017 മുതൽ 75000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ